പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3754 — 30.01.2014 -ൽ മറുപടിക്ക്

## വിഴിഞ്ഞം കിടാരക്കുഴി ശ്രീമതി കൃഷ്ണകുമാരിയുടെ ഹർജി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ കിടാരക്കുഴി ദാസ് സദനത്തിൽ താമസിക്കുന്ന പരേതനായ ഗോപാലകൃഷ്ണദാസിന്റെ ഭാര്യ കൃഷ്ണകുമാരിയുടെ സങ്കടഹർജി ഗതാഗത വകുപ്പിന് ലഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഹർജിയിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | പമ്പാ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയമിതനായിരുന്ന കെ.എസ്.ആർ.ടി.സി തിരു. സിറ്റി സെല്ലിൽ ചെക്കിംഗ് ഇൻസ്പെക്ടറായി ജോലി നോക്കുന്ന ശ്രീ. സൈജുവിന് 25.12.2013-ൽ 15:00 മണിക്ക് നെഞ്ചുവേദന അനുഭവപ്പെട്ടതിനെതുടർന്ന് പമ്പയിലെ ഗവ. ആശുപത്രിയിൽ കാണിച്ചപ്പോൾ ECG-യിൽ വ്യത്യാസം കാണുകയും ടി വിവരം സ്പെഷ്യൽ ഓഫീസറെ ബോധ്യപ്പെടുത്തിയിട്ടും അവധി നൽകിയില്ല. പിന്നീട് ഉന്നതല ഇടപെടലിനെ തുടർന്ന് ലീവ് അനവദിച്ചു. ഗുരുതരമായ അസുഖം ഉണ്ടായിട്ടും വീട്ടിൽ പോകുമ്പോൾ ആരേയും കൂട്ടിന് ആയച്ചില്ല. യാത്രാമദ്ധ്യേ അസുഖം മൂർച്ഛിക്കുകയും പിന്നീട് വീട്ടിൽ നിന്നും ബന്ധുകൾ എത്തി ആശുപത്രിയിൽ |

| | | | |
|---|---|---|---|
| | | | പ്രവേശിപ്പിക്കുകയും തുടർ ചികിൽസ ലഭ്യമാക്കുകയും ചെയ്തു. ജോലിക്കിട യിൽ ഉണ്ടായ അസുഖമായിട്ടും പമ്പ സ്പെഷ്യൽ ഓഫീസർ ഉൾപ്പെടെയുള്ള വർ വേണ്ടത്ര ശുഷ്കാന്തിയോടുകൂടി ഈ വിഷയത്തിൽ ഇടപ്പെട്ടില്ലായെന്നും ഇവർക്കെതിരെ നടപടികൾ സ്വീകരിക്കണ മെന്നുമാണ് ആവശ്യം. |
| (സി) | ഇക്കാര്യത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (സി) | അന്വേഷണം നടന്നു വരുന്നു. അന്വേഷ ണത്തിൽ കുറ്റക്കാരായി കാണപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ